**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2171** **12-02-2024 - ൽ മറുപടിയ്ക്ക്**

**വണ്ടിപ്പെരിയാർ പീഡനകേസ്സിന്റെ അന്വേഷണത്തിലുണ്ടായ വീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇടുക്കി വണ്ടിപ്പെരിയാറിൽ ആറുവയസ്സുകാരിയെ ക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിലെ പ്രതിയെ കോടതി കുറ്റവിമുക്തനാക്കിയത് കേസന്വേഷണത്തിന്റെ വീഴ്ച മൂലമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇടുക്കി വണ്ടിപ്പെരിയാറിലെ ആറു വയസ്സുകാരിയുടെ കൊലപാതകം സംബന്ധിച്ച് വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.598/2021 കേസിലെ പ്രതിയെ കുറ്റവിമുക്തനാക്കിയ ബഹു.കട്ടപ്പന പോക്സോ ഫാസ്റ്റ് ട്രാക്ക് കോടതി വിധിയിൽ വന്ന പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതിയെ കുറ്റമുക്തനാക്കിയ വിധിക്കെതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ശാസ്ത്രീയമായി തെളിവ് ശേഖരിക്കുന്നതിന് മന:പൂർവ്വമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | അന്വേഷണത്തിലെ വീഴ്ച ചൂണ്ടിക്കാണിച്ചുള്ള കോടതി വിധിയുടെ പശ്ചാത്തലത്തിൽ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ പോലീസ് ഇൻസ്പെക്ടർ ടി. ഡി സുനിൽ കുമാറിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട് . അതോടൊപ്പം വാച്യാന്വേഷണത്തിനും ഉത്തരവായിട്ടുള്ളതും അന്വേഷണ ചുമതല എറണാകുളം റൂറൽ അഡീ. പോലീസ് സൂപ്രണ്ടിന് നൽകിയിട്ടുള്ളതുമാണ് . |
| (സി) | പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമം ചുമത്താതിരുന്നത് കേസിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (സി) | ഈ കേസിലെ പ്രതിയും ഇരയായ കുട്ടിയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായതിനാൽ പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമത്തിന്റെ പരിധിയിൽപ്പെടില്ല. |
| (ഡി) | ഈ കേസുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | കേസിലെ പ്രതിയെ വെറുതെ വിട്ടതിനെതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ കേസിന്റെ അന്വേഷണം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ